II ഇ.ബി. XV- കേരള നിയമസഭ/VIII-10

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2023 മാർച്ച് 02, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 46 (*271) ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠന സൗകര്യങ്ങൾ വിപുലീകരിക്കാൻ പദ്ധതി

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, കോളേജുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും പുതുതലമുറ കോഴ്സുകൾ ആരംഭിച്ചും ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠന സൗകര്യങ്ങൾ വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി സഭയെ അറിയിച്ചു. സർവ്വകലാശാലകളിലെ ഗവേഷണ ഫലങ്ങൾ കൃഷിയും വ്യവസായവുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ ഒരു വികസിത സമ്പദ്

വ്യവസ്ഥയാക്കി മാറ്റാൻ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ പിണറായിയിൽ ഒരു വിദ്യാഭ്യാസ ഹബ്ബ്, വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഡൊമസ്റ്റിക്/ അന്താരാഷ്ട്ര ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കൽ, ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങൽ, നിലമ്പൂർ ട്രസ്റ്റ് റിസർച്ച് പാർക്കിന് സ്ഥലമേറ്റെടുക്കൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നു. സംസ്ഥാനത്തെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എൻറോൾമെന്റ് റേഷ്യോ ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണെന്നും പ്രായോഗിക പഠനത്തിനും ഗവേഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിയുന്ന രീതിയിലുള്ള വൈജ്ഞാനിക സമൂഹത്തെ വാർത്തെടുക്കാനും സ്റ്റാർട്ടപ്പ് സംസ്കാരം ഉയർത്തിക്കൊണ്ടുവരാനുമുതകുന്ന തരത്തിലുള്ള കരിക്കുലം വികസിപ്പിക്കുന്നതാണെന്നും ദേശീയ-അന്തർദ്ദേശീയ നിലവാരത്തിൽ

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ NAAC അക്രെഡിറ്റേഷനിൽ സംസ്ഥാനത്തെ നാല് സർവ്വകലാശാലകൾക്കും നിരവധി കോളേജുകൾക്കും ഉയർന്ന റാങ്ക് ലഭിക്കുകയുണ്ടായെന്നും വ്യക്തമാക്കി. സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും NAAC അക്രെഡിറ്റേഷൻ ലഭ്യമാക്കാനുദ്ദേശിച്ചുകൊണ്ട് 'വിഷൻ 2024' എന്ന പ്രോഗ്രാം ആവിഷ്കരിച്ചിട്ടുണ്ട്. NIRF (National Institutional Ranking Framework)-ൽ 4 സർവ്വകലാശാലകളും 17 കോളേജുകളും ആദ്യ നൂറ് സ്ഥാനത്തിനുള്ളിലും മഹാത്മാഗാന്ധി സർവ്വകാലാശാല ടൈംസ് വേൾഡ് റാങ്കിംഗിലും ഇടം നേടിയിട്ടുണ്ട്. പഠനത്തോടൊപ്പം തൊഴിൽ എന്ന ലക്ഷ്യത്തോടെ 'Earn while you learn ', 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്', 'കണക്ട് കരിയർ ടു ക്യാമ്പസ്' എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും എല്ലാ കലാലയങ്ങളിലും തൊഴിൽമേളകൾ സംഘടിപ്പിക്കുന്നുണ്ടെന്നും പുത്തൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സേവനങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ലഭ്യമാക്കുന്നതിന് KREP (Kerala Resources for Education Administration and Planning) സോഫ്റ്റ്‌വെയർ തയ്യാറാക്കിവരുന്നതായും

എല്ലാ സർവ്വകലാശാലകളിലും സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കാനും 100 വർഷം പിന്നിട്ട ഗുണനിലവാരമുള്ള കോളേജുകളെ കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകളാക്കി ഉയർത്താനും ആലോചിക്കുന്നുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 47 (*272) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച പുതിയ നിർദ്ദേശം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണവും പ്രൊമോഷനും, കുടിശ്ശികയുള്ള ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്നും ടാർജറ്റ് അനുസരിച്ച് കളക്ഷൻ ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്ന് മാനേജ്മെന്റ് വിലയിരുത്തിയിട്ടുണ്ടെന്നും വരുമാനം ചെലവിനേക്കാൾ കുറവാണെന്നും വരുമാനത്തിനനുസരിച്ച് ശമ്പളം വിതരണം ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടില്ലെന്നും സഭയെ അറിയിച്ചു. ശമ്പളം ഗഡുക്കളായി നൽകുന്നതുസംബന്ധിച്ച് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തിട്ടുണ്ടെന്നും അവർക്ക് എതിർപ്പില്ലെന്നും ഡീസൽ/പെട്രോൾ ബൾക്ക് പർച്ചേസിന് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രാനുകൂല്യം നിർത്തലാക്കിയത് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടെന്നും ദീർഘദൂര സർവ്വീസ് നടത്തിയിരുന്ന സ്വകാര്യ ബസുകളുടെ പെർമിറ്റ് കോടതി നിർദ്ദേശപ്രകാരം

റദ്ദ് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും  മികച്ച പൊതുഗതാഗത സംവിധാനമെന്ന നിലയിൽ  'ഗ്രാമവണ്ടി' പദ്ധതിക്ക് ദേശീയ പുരസ്കാരം ലഭ്യമായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

48 (*273) ഉദ്യോഗാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കാൻ അസാപ് നടത്തുന്ന പ്രവർത്തനങ്ങൾ

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ,  വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും നൈപുണ്യം നേടുന്നതിനുമായി അസാപ് കേരള മുഖാന്തരം നിരവധി നൂതന കോഴ്സുകൾ നടപ്പാക്കിവരുന്നതായി സഭയെ അറിയിച്ചു. തൊഴിൽദാതാക്കളായ വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. അസാപ്-ന്റെ നേതൃത്വത്തിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന/പഠന സൗകര്യങ്ങളോടെ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ മികവ് കണക്കിലെടുത്ത് അവാർഡിംഗ് ബോഡിയായും അസസ്സ്മെന്റ്

ഏജൻസിയായും പ്രവർത്തിക്കുന്നതിന് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗിന്റെ ഇരട്ട അംഗീകാരം അസാപ്-ന് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി സ്കിൽ കോഴ്സുകൾ നിർബന്ധമാക്കുകയും പഠിതാവിന്റെ അഭിരുചിക്കനുസൃതമായ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനായി ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിന് കലാലയങ്ങളിൽ 'കണക്ട് കരിയർ ടു ക്യാമ്പസ്' പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും പ്ലേസ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടെക്നോളജി ബേസ്ഡ് ബിസിനസ് ഇൻക്യുബേഷൻ സെന്ററുകളും ഐ.ടി./ഐ.ടി. അധിഷ്ഠിത പാർക്കുകളും ആരംഭിക്കുമെന്നും പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് രാജ്യത്തും വിദേശത്തുമുള്ള വിദഗ്ധരുമായി സംവദിക്കുന്നതിനും തൊഴിൽ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനുമായി പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ് നടത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

49(*274) <u>റബ്ബർ വിലസ്ഥിരതാ ഫണ്ട്</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന ' റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' -ൽ 2022-23 സാമ്പത്തിക വർഷം (16-02-2323 വരെ) റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിലായി 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ടി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2022-23 സാമ്പത്തിക വർഷം കമ്പോളവില കൂടിനിന്നതാണ് 2021-22 മുതൽ സബ്സിഡി ഇനത്തിൽ കർഷകർക്ക് അനുവദിച്ച തുക കുറയാൻ കാരണമെന്നും നിലവിൽ കമ്പോളവില കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കൂടുതൽ തുക സബ്സിഡി ഇനത്തിൽ അനുവദിക്കേണ്ടിവരുമെന്നും വ്യക്തമാക്കി. കേന്ദ്രസഹായം ലഭ്യമായാൽ മാത്രമേ റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്കുയർത്തണമെന്നും റബ്ബറിനെ 'മേക്ക് ഇൻ ഇൻഡ്യ' പദ്ധതിയിലുൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കണമെന്ന നിർദ്ദേശം നൽകണമെന്നും

കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നതായും റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി കേരള റബ്ബർ ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

### 50(*275) ലൈസൻസ് റദ്ദാക്കപ്പെട്ടവരും കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് തടയാൻ നടപടി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയിൽ, ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനം ഓടിക്കുന്നത് പരിശോധിക്കുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗം/റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സ്കൂൾ പരിസരങ്ങളിൽ രാവിലെയും വൈകുന്നേരവും പ്രത്യേക സ്ക്വാഡിനെ നിയോഗിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഇത്തരം കേസുകളിൽ ലൈസൻസ് റദ്ദാക്കപ്പെട്ടവർക്കെതിരെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 180, 181 പ്രകാരവും പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെ സെക്ഷൻ 199A പ്രകാരവും നടപടി സ്വീകരിക്കുന്നുണ്ട്. കുറ്റകൃത്യം ആവർത്തിച്ചാൽ ലൈസൻസ് റദ്ദ് ചെയ്യുന്നതിനായി അയോഗ്യത സംബന്ധിച്ച വിവരങ്ങൾ വാഹൻ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും അതത് ലൈസൻസിംഗ് അതോറിറ്റിയെ നേരിട്ട് അറിയിക്കുകയും

ചെയ്യുന്നുണ്ടെന്നും മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 200 അനുസരിച്ച് ലൈസൻസ് റദ്ദാക്കപ്പെട്ടവർ നിർബന്ധിത സാമൂഹ്യ സേവനം നടത്തണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നിർബന്ധമാക്കിവരുന്നുണ്ടെന്നും വ്യക്തമാക്കി. സ്കൂളുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതോടൊപ്പം സ്കൂൾ-കോളേജ് തലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും റോഡ് സുരക്ഷാ ക്ലബ്ബുകളിൽ അംഗങ്ങളായ കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുമെന്നും എല്ലാ വർഷവും റോഡ് സുരക്ഷാ വാരാഘോഷം സംഘടിപ്പിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.